(സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡാണ് 'പരിപ്രേക്ഷ്യ പദ്ധതി 2030' തയ്യാറാക്കിയത്.

(ഡി) കൃഷി, അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം, ജലവിഭവം, ശാസ്ത്ര-സാങ്കേതികം, ഊർജ്ജം, തൊഴിലവസരസൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് റിപ്പോർട്ടിൽ മുൻതൂക്കം നൽകിയിട്ടുണ്ട്.

ദീർഘവീക്ഷണ പ്ലാൻ 2030

57 (T 2690) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദീർഘവീക്ഷണ പ്ലാൻ 2030-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ; എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

നോർഡിക് രാജ്യങ്ങളായ ഫിൻലാന്റ്, നോർവ്വേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിലുള്ള 'സുസ്ഥിര അഭിവൃദ്ധി' സംസ്ഥാനത്തിന് കൈവരിക്കുക എന്ന ദൗത്യമാണ് പരിപ്രേക്ഷ്യ പദ്ധതി 2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്. സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ അടുത്ത 20 വർഷം 7.5 ശതമാനം കൂട്ടുവാർഷിക വളർച്ചാനിരക്ക് (സി.എ.ജി.ആർ.) കൈവരിക്കുന്നതിനും പ്രതിശീർഷ വരുമാനം ഇപ്പോഴത്തെ 4763 അമേരിക്കൻ ഡോളറിൽ (2005-ലെ പർച്ചേസിംഗ് പവർ പാരിറ്റി അടിസ്ഥാനമാക്കിയുള്ളത്) നിന്നും 2030 ഓടുകൂടി 19,000 അമേരിക്കൻ ഡോളറും 2040-ഓടുകൂടി 36,000 അമേരിക്കൻ ഡോളറും ആക്കി ഉയർത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly